**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6724** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയ, സഹിതം തുടങ്ങിയ പദ്ധതികളിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയ എന്നീ പരിപാടികൾ വിദ്യാർത്ഥികളുടെ സർഗവാസനകൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിനായി എസ്.എസ്.കെ നടപ്പിലാക്കിയ പരിപാടികളാണ്. സംസ്ഥാനത്തെ പല സ്കൂളുകളിലും ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ പഠനനിലവാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയാണ് 'സഹിതം മെന്ററിങ് പോർട്ടൽ'. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രൈമറി, സെക്കന്ററി തലത്തിലെ പഠനവിഷയങ്ങളിൽ പഠിതാക്കളുടെ പഠന പുരോഗതി നിർണയിക്കുന്നതിനായി അക്കാദമിക സൂചകങ്ങൾ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സൂചകങ്ങൾ സഹിതം പോർട്ടലിലേയ്ക്ക് ഉൾചേർത്തിട്ടുണ്ട്. സഹിതം പോർട്ടലുമായി ബന്ധപ്പെട്ട അക്കാദമിക പരിശീലനം എസ്.സി.ഇ.ആർ.ടിയും കൈറ്റും സംയുക്തമായി ആവിഷ്കരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലെയും പ്രൈമറി അധ്യാപകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പാദവാർഷിക, അർദ്ധവാർഷിക, വാർഷിക പരീക്ഷകളിലെ പഠന നിലവാരം രേഖപ്പെടുത്തുന്നതിനോടൊപ്പം നിരന്തര വിലയിരുത്തലുകൾക്ക് പ്രാധാന്യം നൽകികൊണ്ടാണ് സഹിതം പോർട്ടൽ ആവിഷ്കരിച്ചിട്ടുള്ളത്. രക്ഷിതാവിനെപ്പോലെ കുട്ടികളെ സ്നേഹിക്കുകയും നിരീക്ഷണങ്ങളിലൂടെ അവരുടെ ശക്തി ദൗർബല്യങ്ങൾ കണ്ടെത്തി മനസിലാക്കുകയും സർവോത്മുഖമായ വളർച്ചയ്ക്ക് |

| | | | |
|---|---|---|---|
| | | | ആവശ്യമായ കൈത്താങ്ങ് നൽകുകയും ചെയ്യുക എന്നതാണ് മെന്ററിന്റെ ഉത്തരവാദിത്വം. |
| (ബി) | വായനയുടെ വസന്തം പരിപാടിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ നടത്തിവരുന്നത്; വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ സംരംഭങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19 അധ്യയന വർഷത്തിൽ ഒരു പുതിയ പദ്ധതി ലൈബ്രറികളും ക്ലാസ് റൂം ലൈബ്രറികളും എന്ന പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ആരംഭിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ രൂപീകരിച്ച് ആയതിന് വായനയുടെ വസന്തം എന്ന് നാമകരണം ചെയ്തു. 2020-21 വരെ ഈ പദ്ധതി തുടരുകയും കഴിഞ്ഞ വർഷം ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ ഒന്നാം 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തുകയും നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുകയും ചെയ്തു. 2018-19 മുതൽ 2021-22 വരെ ഗവൺമെന്റ് / എയ്ഡഡ് എച്ച്.എസ്, യു.പി സ്കൂളുകൾക്കൾക്ക് ഈ പദ്ധതി പ്രകാരം വിവിധ ലൈബ്രറി പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ പല സ്കൂളുകളിലും മതിയായ സംഭരണ സൗകര്യമില്ലാത്തതിനാൽ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്ത 203 സർക്കാർ സ്കൂളുകളിൽ ബുക്ക് റാക്ക് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വായനാവസന്തം പരിപാടിയുടെ ഭാഗമായി സമഗ്രശിക്ഷ കേരള പൊതുവിദ്യാലയങ്ങളിലെ ഒന്നുമുതൽ നാലു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 വർഷം 3 പുസ്തകങ്ങൾ പ്രിന്റ് ചെയ്തു നൽകി. ഇതിനെതുടർന്ന് പ്രസ്തുത കുട്ടികളുടെ വീടുകളിൽ ഹോം ലൈബ്രറി പൊതു സമൂഹത്തിന്റെ പിന്തുണയോടുകൂടി വിപുലീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>ഈ വർഷം വായനയുടെ വസന്തം പരിപാടിയുടെ ഭാഗമായി കുട്ടികളെ സ്വതന്ത്രവായനക്കാരാക്കി മാറ്റുന്നതിന്റെ ഭാഗമായുള്ള ഭാഷോത്സവങ്ങൾ, രചനോത്സവങ്ങൾ കുട്ടികളുടെ സാഹിത്യസൃഷ്ടികൾ ശേഖരിച്ച് പുസ്തകമാക്കി പ്രിന്റ് ചെയ്ത് സ്കൂളുകൾക്കു നൽകുന്ന പരിപാടി തുടങ്ങി നിരവധി പരിപാടികൾ രക്ഷിതാക്കളെയും കൂടി പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾ ബി.ആർ.സി, ജില്ലാതലങ്ങളിൽ നടപ്പിലാക്കുന്നു. |
| (സി) | ലഹരിക്കെതിരായി വായന തന്നെ ലഹരി എന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | വായനതന്നെ ലഹരി എന്ന സന്ദേശം കുട്ടികളിലെത്തിക്കുന്നതിന് ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വായനയ്ക്ക് പ്രാധാന്യം |

| | | | |
|---|---|---|---|
| | | | നൽകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. സർക്കാർ സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് ഈ വർഷം ആകെ 4.73കോടി രൂപ നൽകിയിട്ടുണ്ട്. വായനാക്കാർഡുകളും അധികവായനാസാമഗ്രികളും തയ്യാറാക്കി കുട്ടികൾക്ക് നൽകിയിട്ടുണ്ട്. ഇ-വായനക്കുള്ള സൗകര്യങ്ങളും പല സ്കൂളുകളിലും നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | എല്ലാ വിദ്യാർത്ഥികൾക്കും കല, കായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കുമോ; | (ഡി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും കലാകായിക പ്രവൃത്തി പരിചയവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ലഭിക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ പൊതുവിൽ നടന്നുവരികയാണ്. ഇതിനായി അധ്യാപകർക്കും കുട്ടികൾക്കും യഥാക്രമം ടീച്ചർ ടെക്സ്റ്റ്, ആക്ടിവിറ്റി ബുക്ക് എന്നിവ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ എല്ലാം ഫലപ്രദമായി വിനിമയം ചെയ്ത് വരികയാണ്. |
| (ഇ) | ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ഒഴിവ് ദിവസങ്ങളിൽ ഓരോ ഇനത്തിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ഒഴിവ് ദിവസങ്ങളിൽ ടാലന്റ് ലാബ് പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിൽ വിവിധ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ